ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:28.05.2026**

## പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണന്റെ മൂന്ന് ദിവസത്തെ കർണ്ണാടക, ഗോവ, കേരളം സന്ദർശനത്തിന് നാളെ തുടക്കമാകും.

2. പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നാളെ.

3. സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ മന്ത്രി എം. ലിജുവിന്റെ നേതൃത്വത്തിൽ നാളെ ഉന്നതതല യോഗം ചേരും.

4. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഔദ്യോഗികമായി രാജി സമർപ്പിച്ചു. ഡി.കെ. ശിവകുമാറിനെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് ക്ഷണിക്കാൻ ഗവർണറോട് ശിപാർശ ചെയ്തു.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴക്ക് സാധ്യത. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RNU TVPM

6. ഐ പി എൽ ക്രിക്കറ്റിൻറെ രണ്ടാം ക്വാളിഫയറിൽ നാളെ രാജസ്ഥാൻ റോയൽസ് - ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും.

************************

## <u>ഉപരാഷ്ട്രപതി</u>

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണന്റെ മൂന്ന് ദിവസത്തെ കർണ്ണാടക, ഗോവ, കേരളം സന്ദർശനത്തിന് നാളെ തുടക്കമാകും. നാളെ കർണ്ണാടകയിലെ ബെംഗളൂരുവിൽ ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷൻ്റെ 45-ാം വാർഷികത്തോടനുബന്ധിച്ചുള്ള പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. മറ്റന്നാൾ പനാജിയിൽ ഗോവയുടെ സംസ്ഥാന രൂപീകരണ ദിനാഘോഷങ്ങളെ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്യും. ഞായറാഴ്ച വൈകുന്നേരത്തോടെ കേരളത്തിലെത്തുന്ന അദ്ദേഹം കോട്ടയത്ത് ദീപിക ദിനപത്രത്തിൻ്റെ 140-ാമത് സ്ഥാപക വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും.

RNU TVPM

************************

## <u>കേരള നിയമസഭ</u>

പതിനാറാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നാളെ. നയപ്രഖ്യാപന പ്രസംഗത്തിന് കഴിഞ്ഞ ദിവസം സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിരുന്നു. ജൂൺ ഒന്നു മുതൽ മൂന്നുവരെ ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് മേലുള്ള ചർച്ചയും ഉണ്ടാകും. ഈ മാസം 21 ന് ആരംഭിച്ച നിയമസഭാ സമ്മേളനത്തിൽ പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കർ തിരഞ്ഞെടുപ്പും നടന്നു. യു ഡി എഫിലെ മുതിർന്ന അംഗം തിരുവഞ്ചൂർ രാധാകൃഷ്ണനാണ് 16-ാം നിയമസഭയുടെ സ്പീക്കർ.

************************

## എക്സൈസ് ഉന്നതതല യോഗം

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി നാളെ ഉന്നതതല യോഗം ചേരും. മന്ത്രി എം. ലിജുവിന്റെ നേതൃത്വത്തിൽ നാളെ വൈകുന്നേരം നന്ദാവനത്തുള്ള എക്സൈസ് ആസ്ഥാനത്തതാണ് യോഗം നടക്കുന്നത്.

*************************

## മുഖ്യമന്ത്രി സിദ്ധരാമയ്യ

കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഔദ്യോഗികമായി രാജി സമർപ്പിച്ചു. ലോക് ഭവനിൽ ഗവർണറുടെ സെക്രട്ടറിക്ക്, രാജി കത്ത് കൈമാറിയതായി, അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കൂടാതെ ഡി.കെ. ശിവകുമാറിനെ മുഖ്യമന്ത്രി സ്ഥാനമേറ്റെടുക്കാൻ ക്ഷണിക്കണമെന്ന് ഗവർണറോട് അഭ്യർത്ഥിച്ചതായും, ശ്രീ സിദ്ധരാമയ്യ അറിയിച്ചു . ഹൈക്കമാൻഡ് രാജ്യസഭാ സീറ്റ് വാഗ്ദാനം ചെയ്തതായും, എന്നാൽ, അത് വിനയപൂർവ്വം നിരസിച്ചതായും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നത് തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

PNU TVPM

*************************

## പ്രധാനമന്ത്രി ആവാസ് യോജന (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ, 12 വർഷം പൂർത്തിയാക്കി. കഴിഞ്ഞ 12 വർഷങ്ങളിൽ, വിവിധ മേഖലകൾക്കായി, നിരവധി ക്ഷേമ പദ്ധതികളാണ്, കേന്ദ്ര സർക്കാർ നടപ്പാക്കിയത്. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിലൂടെ, വീട് നിർമ്മിക്കുവാൻ ധനസഹായം ലഭിച്ച, എറണാകുളം തൃക്കാക്കര സ്വദേശി ദിനേശൻ, ആകാശവാണി വാർത്തകളോട് സംസാരിക്കുന്നു ......

വോയിസ്

*************************

## സ്വച്ഛ് സർവേക്ഷൺ (ഇൻട്രോ)

പാഴ് വസ്തുക്കൾക്കൊണ്ട് മാലിന്യ കുന്നായി മാറിയ സ്ഥലം, അതേ പാഴ് വസ്തുക്കൾ കൊണ്ട് മനോഹരമായ പാർക്കാക്കി മാറ്റുന്ന തിരക്കിലാണ്, കോഴിക്കോട് കോർപറേഷൻ ആരോഗ്യവിഭാഗം. കേന്ദ്ര സർക്കാരിൻറെ സ്വച്ഛ് സർവേക്ഷൺ റാങ്കിങ്ങിന്റെ ഭാഗമായി, കോർപറേഷൻ ഓഫിസിനു പിന്നിൽ, പാഴ് വസ്തുക്കൾ കൂട്ടിയിരുന്ന സ്ഥലത്താണ് വേസ്റ്റ്ടു വണ്ടർ പാർക്ക് ഒരുങ്ങുന്നത്. പദ്ധതിയെക്കുറിച്ച് ഹെൽത്ത് ഓഫിസർ ഡോ മുനവ്വർ റഹ്മാൻ ആകാശവാണി വാർത്തകളോട്......

വോയിസ്

*************************

## ഹാപ്പി ലാൻഡ്

RNU TVPM

തിരുവനന്തപുരം വെമ്പായത്ത് സ്വകാര്യ അമ്യൂസ്മെന്റ് പാർക്കിൽ റൈഡ് പൊട്ടി വീണ് അപകടം. അഞ്ചു പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.ആരുടെയും പരിക്ക് ഗുരുതരമല്ല എന്നാണ് വിവരം.അപകട കാരണം വ്യക്തമായിട്ടില്ല.അപകടത്തെ തുടർന്ന് വെഞ്ഞാറമൂട് പൊലീസ് സ്ഥലത്തെത്തി പരിശോധന നടത്തി.

*************************

## ഇ ഡി

ഇ ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ കർശന നടപടി ഉണ്ടാകുമെന്ന് സംസ്ഥാന പൊലീസ് മേധാവി റവാഡ ചന്ദ്രശേഖർ . സംഭവത്തിൽ ഇത് വരെ 8 പ്രതികളെ അറസ്റ്റ് ചെയ്യുവെന്നും കേസിൽ ഉൾപ്പെട്ട എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു .ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയെ വസതിയിൽ എത്തി കണ്ടശേഷം തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു ഡി ജി പി. ഇ ഡി റെയ്ഡിൽ മതിയായ പൊലീസ് വിന്യാസം ഉണ്ടായിരുന്നു. ഇ ഡി

യ്ക്ക് സുരക്ഷ ഒരുക്കുന്നതിൽ പൊലീസിന്റെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടായെങ്കിൽ അത് പരിശോധിക്കുമെന്നും അദ്ദേഹം അറിയിച്ചു .

************************

## ഈദ് നമസ്കാരം

സംസ്ഥാനത്ത് വലിയ പെരുന്നാളിനോടനുബന്ധിച്ച് നടന്ന നമസ്കാരത്തിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു. തിരുവനന്തപുരത്ത് നടന്ന ചടങ്ങുകൾക്ക് പാളയം ഇമാം വി പി സുഹൈബ് മൗലവിയും കോഴിക്കോട് പാളയം മുഹ് യിദ്ദീൻ പള്ളിയിലെ പെരുന്നാൾ നമസ്ക്കാരത്തിന് ചീഫ് ഇമാം ഡോ. ഹുസൈൻ മടവൂരും നേതൃത്വം നൽകി.

************************

## ലക്ഷദ്വീപിലും പെരുന്നാൾ

ലക്ഷദ്വീപിലും ഇന്ന് വലിയ പെരുന്നാൾ ആഘോഷിച്ചു . രാവിലെ കവരത്തി ജുമാ മസ്ജിദിൽ നടന്ന പെരുന്നാൾ നിസ്ക്കാരം ഖത്തീബ് ആഷിഖ് ഫൈസി നേത്രത്ത്വം വഹിച്ചു. മറ്റെല്ലാ ദ്വീപുകളിലും വിവിധ പള്ളികൾ കേന്ദ്രീകരിച്ച് പെരുന്നാൾ നിസ്കാരവും പ്രത്യേക പ്രാർത്ഥനകളും അന്നദാന ചടങ്ങുകളും നടന്നു.

RNU TVPM

************************

## കൊട്ടിയൂർ വൈശാഖ മഹോത്സവം (ഇൻട്രോ)

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് ഇന്ന് തുടക്കമാവും. അർദ്ധരാത്രിയിൽ നെയ്യാട്ടത്തോടെയാണ് വൈശാഖോത്സവം ആരംഭിക്കുക. കൊട്ടിയൂരിൽ എത്തുന്ന തീർഥാടകർ ഉൾപ്പെടെയുള്ളവരുടെ ആരോഗ്യസുരക്ഷ ഉറപ്പു വരുത്തുന്നതിന് ആരോഗ്യവകുപ്പ് നടപടി ഊർജിതമാക്കി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി

കെ.ഒ. ശശിധരൻ

(വോയ്സ്)

************************

## മഴ

സംസ്ഥാനത്ത് വ്യാപക മഴ തുടരും. ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴക്കും സാധ്യതയുണ്ട്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള എട്ട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശാനും സാധ്യതയുണ്ട്. കനത്ത മഴയെ തുടർന്ന് അരുവിക്കര ഡാമിലെ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ഡാമിന്റെ 2, 5 നമ്പർ ഷട്ടറുകൾ 20 സെന്റീമീറ്റർ കൂടി തുറന്നു. അണക്കെട്ടിൻറെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

*************************

## ഷട്ടറുകൾതുറന്നു

കാലവർഷ മുന്നൊരുക്കത്തിന്റെ ഭാഗമായി മലങ്കര ഡാമിന്റെ ഷട്ടറുകൾ, അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തുറന്നു. ഷട്ടറുകൾ ഘട്ടം ഘട്ടമായി, 100 സെന്റീമീറ്റർ മുതൽ 200 സെന്റീമീറ്റർ വരെ, ഉയർത്തുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.ഷട്ടറുകൾ കൂടുതൽ ഉയർത്തുന്ന സാഹചര്യത്തിൽ, തൊടുപുഴയാറിന്റെ തീരത്തുള്ളവരും പൊതുജനങ്ങളും അതീവ ജാഗ്രത പാലിക്കണമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അഭ്യർത്ഥിച്ചു

*************************

## ഐപിഎൽ

ഐ പി എൽ ക്രിക്കറ്റിൽ നാളെ നടക്കുന്ന രണ്ടാം ക്വാളിഫയർ മത്സരത്തിൽ രാജസ്ഥാൻ റോയൽസ് - ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന എലിമിനേറ്റർ മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ പരാജയപ്പെടുത്തിയാണ് രാജസ്ഥാൻ രണ്ടാം ക്വാളിഫയറിലേക്ക് യോഗ്യത നേടിയത്. നാളത്തെ കളിയിൽ വിജയിക്കുന്ന ടീം ഞായറാഴ്ച അഹമ്മദാബാദിൽ നടക്കുന്ന കലാശ

PNUTVPM

പോരാട്ടത്തിൽ റോയൽ  ചലഞ്ചേഴ്സ് ബെംഗളൂരുവുമായി ഏറ്റുമുട്ടും.

*************************

*****************

*********

RNU TVPM